24/02/22

DESPATCHED
02/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2290***(2)/2015/എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15589***/എസ്.ഐ.സി-ജി 6/2015)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. മുത്തുലക്ഷ്മി,
എം.എം.ജെ ലയം,
വാഗമൺ (പി.ഒ),
പിൻ - 685 503.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്, വാഗമൺ,
   ഇടുക്കി - 685 503.

2. അപ്പീൽ അധികാരി & തഹസിൽദാർ,
   താലൂക്ക് ആഫീസ്,
   പീരുമേട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15/06/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23/07/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22/09/2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01/10/2015 |
| ഹിയറിംഗ് നടന്ന തീയതി | 05.01.2022 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. മുത്തുലക്ഷ്മി, 22/09/2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 01/10/2015 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2290 (2)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികര മല്ലെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 15/06/2015 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് 17/04/2015-ൽ പീരുമേട് തഹസിൽദാർക്ക് സമർപ്പിച്ച പരാതി യിന്മേൽ നടപടി; സ്ഥലം നേരിൽ പരിശോധിച്ച് പരാതിക്കാരിയുടെ ആവലാതിക്ക് ന്യായമായ പരിഹാരം കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യണമെന്നുള്ളതാണ്.

4. 23/07/2015 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജിയും സമർപ്പിച്ചിട്ടുണ്ട്.

5. 04/11/2015 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി 24/07/2015-ൽ ടി കാര്യാലയത്തിലേയ്ക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പരാതി കക്ഷിയെ നേരിൽ കേൾക്കുന്നതിലേ യ്ക്കായി ടി കാര്യാലയത്തിലേയ്ക്ക് ഹാജരാകുവാൻ കക്ഷിയ്ക്ക് കത്ത് നൽകിയിരുന്നു വെങ്കിലും കക്ഷി നേരിൽ ഹാജരായിട്ടില്ലാത്തതാണെന്നും അപേക്ഷയിൽ കക്ഷി നൽകിയിരുന്ന ഫോൺ നമ്പരിൽ വിളിക്കുമ്പോഴെല്ലാം ഫോൺ സ്വിച്ച് ഓഫ് എന്നാണ് പറഞ്ഞിരുന്നതെന്നും വാഗമൺ വില്ലേജ് ഓഫീസിൽ നിന്നും വ്യക്തമായ മറുപടി നൽകാൻ തഹസിൽദാർ വാക്കാൽ നിർദ്ദേശം നൽകുകയുണ്ടായി എന്നും വില്ലേജ് കാര്യാലയത്തിൽ സൂക്ഷിച്ചിരുന്ന റിപ്പോർട്ടിന്റെ പകർപ്പ് കാർബൺ കോപ്പി ആയതിനാ ലാണ് കക്ഷിയ്ക്ക് നൽകിയ പകർപ്പ് തെളിയാതിരുന്നത് എന്ന് മനസ്സിലാക്കി വില്ലേജ് ഓഫീസർ താലൂക്കാഫീസിലേയ്ക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ടി കാര്യാലയത്തിൽ നിന്നും കക്ഷിയ്ക്ക് നൽകിയിട്ടുള്ളതുമാണെന്നും, എന്നാൽ 12/10/2015-ലെ കമ്മീഷനിലെ കത്ത് 24/07/2015-ൽ ടി കാര്യാലയത്തിൽ ലഭിച്ചപ്പോൾ വീണ്ടും കക്ഷിയെ ഫോണിൽ ബന്ധപ്പെടുകയും അപ്പോൾ ചെന്നൈയിലേയ്ക്കുള്ള യാത്രയിലാണെന്നും പകർപ്പ് ലഭിച്ചിട്ടില്ല എന്നും, ചെന്നൈയിൽ നിന്നും തിരികെ വന്നാലുടൻ പീരുമേട് താലൂക്കാ ഫീസിൽ ഹാജരായിക്കൊള്ളാമെന്നും നേരിട്ട് റിപ്പോർട്ട് കൈപ്പറ്റികൊള്ളാമെന്നും കക്ഷി അറിയിച്ചിട്ടുള്ളതാണെന്നും, ആയതിനാൽ ടിയാളുടെ അപേക്ഷയിന്മേൽ അപ്പീൽ അധികാരി വീഴ്ച്ച വരുത്തിയിട്ടില്ല എന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും, ഹർജിക്കാരി ആവശ്യപ്പെട്ട വിവരത്തിനു വ്യക്തമായ പകർപ്പ് 15 ദിവസത്തിനുള്ളിൽ നൽകണമെന്ന് ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഫെബ്രുവരി 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

AV